(സി) വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കുന്നതിനും ചികിത്സക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും സാധിയ്ക്കും വിധം കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) 'സുകൃതം' പദ്ധതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്ക് എട്ട് സർക്കാർ ചികിത്സാലയങ്ങളിൽ സൗജന്യ ചികിത്സ ഉറപ്പാക്കാൻ വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 'സുകൃതം' എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നിലവിലില്ല.

(ബി) സംസ്ഥാന സർക്കാർ സുകൃതം പദ്ധതി പ്രകാരം ആർ.സി.സി.യ്ക്ക് 12 കോടി രൂപയും എം.സി.സി.യ്ക്ക് 5 കോടി രൂപയും ആരോഗ്യവകുപ്പിനു കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയ്ക്ക് 2 കോടി രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിന് 3 കോടി രൂപയും മറ്റ് 4 മെഡിക്കൽ കോളേജുകൾക്ക് 2 കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് പ്രൊമോഷൻ

27 (4310) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ JPHN ആയി ജോലി ചെയ്യുന്നവർക്ക് ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) JPHN ആയി ജോലി ചെയ്യുന്നവർ 20-ഉം 25-ഉം വർഷം വരെ സേവനം പൂർത്തിയാക്കിയാലും JPHN ആയി തന്നെ സർവ്വീസിൽ തുടരേണ്ടിവരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; JPHN-മാർക്ക് അർഹമായ പ്രൊമോഷനുകൾ ലഭിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ;

(സി) JPHN-മാരുടെ പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് തലത്തിൽ ഉത്തരവ് കൊടുക്കുമോ; ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ ഒരു പ്രതി ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പ്രൊമോഷൻ നൽകുന്നതിന് കാലതാമസം നേരിടാറില്ല. FHS training (female health training) പാസ്സായ ജീവനക്കാർക്ക് സീനിയോറിറ്റി തർക്കം/കേസ്/ Dual PSC/IDT ഇവ ഇല്ല എങ്കിൽ PHN ആയി പ്രൊമോഷൻ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഉടൻ തന്നെ നിയമനം നൽകുന്നതാണ്. പ്രസ്തുത തർക്കങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയവ പരിഹരിച്ചതിനുശേഷം പ്രൊമോഷൻ നൽകുന്നതാണ്.

(ബി) ഇല്ല, ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അർഹമായ പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പുതിയ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ആരോഗ്യമേഖലയിലെ എ.സി.ആർ. ലാബുകളും പബ്ലിക്ക് ലാബുകളും

28 (4311) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ എ.സി.ആർ. ലാബുകളിലും മറ്റ് പബ്ലിക് ലാബുകളിലുമായി എത്രപേർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ ഇപ്പോൾ ആകെ എത്ര പേരുടെ സേവനം ആവശ്യമുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ എ.സി.ആർ. ഉൾപ്പെടെയുള്ള പബ്ലിക് ലാബുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly